എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർ

77 (4133) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഭ്യസ്തവിദ്യരായ എത്ര തൊഴിൽരഹിതർ സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽരഹിതർക്ക് തൊഴിൽ നൽകുന്നതിന് ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സഹായത്തിനായി അയച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) തൊഴിൽരഹിതർക്ക് തൊഴിൽ ലഭ്യമാക്കുന്നതിലേക്ക് എന്തെങ്കിലും വിദേശ മൂലധനമോ ആഭ്യന്തര സ്വകാര്യ മൂലധനമോ ആകർഷിക്കാൻ ഒരു മൂലധന നിക്ഷേപനയം സർക്കാർ രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) 1656169 പേർ.

(ബി-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തൊഴിൽ രഹിത വേതനം

78 (4134) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിൽരഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്കുള്ള മാനദണ്ഡങ്ങൾ കാലോചിതമായി പുതുക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അനർഹരായവർ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നത് തടയുന്നതിന് ഫലപ്രദമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു ;

(സി) തൊഴിലില്ലായ്മ വേതന വിതരണത്തിനായി പ്രതിവർഷം സർക്കാർ ചെലവഴിക്കുന്ന സംഖ്യ എത്രയാണ് ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) എല്ലാ മാസവും 3 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെങ്കിലും തൊഴിൽരഹിതവേതന വിതരണം സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ചാണ് ഓരോ വർഷവും തുക ചെലവഴിക്കപ്പെടുന്നത്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഇതിനായി 52,11,79,000 രൂപ വകയിരുത്തിയിട്ടുണ്ട്.

എംപ്ലോയ്മെന്റ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

79 (4135) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് വകുപ്പിൽ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരണം നടത്തിയ എത്ര ഓഫീസുകൾ ഉണ്ട് ; ഭാഗികമായി കമ്പ്യൂട്ടർവൽക്കരണം നടത്തിയ ഓഫീസുകൾ എത്ര ; ഈ ഓഫീസുകൾ ഏതെല്ലാം ; ഈ ഓഫീസുകളുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഡാറ്റാ എൻട്രി സംബന്ധിച്ച് ഓരോ ഓഫീസിന്റെയും വിശദാംശം വ്യക്തമാക്കുമോ ; ഇത് ചെയ്തു തീർക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാം ;

(സി) സോഫ്റ്റ് വെയർ, ഹാർഡ് വെയർ, യു.പി.എസ്, ബാറ്ററി എന്നിവയുടെ തകരാറ് സംബന്ധിച്ച എത്ര പരാതികൾ ഈ വർഷം ലഭിച്ചിട്ടുണ്ട് ; ഇത് പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് ;

(ഡി) ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ സെക്ഷനിലെ ഉദ്യോഗസ്ഥർ സബ് ഓഫീസുകൾ പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ടോ ; എങ്കിൽ കഴിഞ്ഞ വർഷം എത്ര ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് വകുപ്പിൽ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരണം നടത്തിയ 9 ഓഫീസുകളും ഭാഗികമായി കമ്പ്യൂട്ടർവൽക്കരണം നടത്തിയ 29 ഓഫീസുകളുമാണുള്ളത്. ഈ ഓഫീസുകളെ സംബന്ധിക്കുന്ന പട്ടിക അനുബന്ധം I-ൽ കൊടുത്തിരിക്കുന്നു.*

പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ, റിന്യൂവൽ, സർട്ടിഫിക്കറ്റ് അഡീഷൻ, റീ-എൻട്രി, റീ-രജിസ്ട്രേഷൻ മുതലായ പതിവ് ജോലികൾക്ക് പുറമേ സെലക്ഷൻ, പ്ലേസ്മെന്റ് എന്നീ ജോലികളും കമ്പ്യൂട്ടർ മുഖേന നടത്തിവരുന്നു. ഭാഗികമായി കമ്പ്യൂട്ടർവൽക്കരണം നടത്തിയ ഓഫീസുകളിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ള റിക്കാർഡുകളിൽ സെലക്ഷൻ, പ്ലേസ്മെന്റ് എന്നിവ ഒഴികെയുള്ള പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ മുഖേന നടത്തിവരുന്നു.

(ബി) ഡാറ്റാ എൻട്രി സംബന്ധിച്ച വിശദാംശം അനുബന്ധം II-ൽ കൊടുത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly